MCYM



# നുഹ്റോ ദ് മലങ്കര

## NUHRO D'MALANKARA


ܢܘܗܪܐ ܕܡܠܢܟܪܐ

ഇവാനിയൻ പദയാത്ര
അനുഭവ കുറിപ്പുകൾ 3-ാം പതിപ്പ്

പത്തനംതിട്ട ഭദ്രാസന സമിതി
പ്രസിദ്ധീകരണം

കാലം ശരിയെന്നു തെളിയിച്ച കർമ്മയോഗി

Scanned with CamScanner






എം.സി.വൈ.എം. സഭാതല ഡയറക്ടറായി നിയമിതനായ
പത്തനംതിട്ട ഭദ്രാസന മുൻഡയറക്ടർ
**സെബാസ്റ്റ്യൻ കിഴക്കേതിൽ അച്ചന്**
പ്രാർത്ഥനാശംസകൾ...



എം.സി.വൈ.എം. ഭദ്രാസന ഡയറക്ടറായി
സ്തുത്യർഹമായി സേവനം ചെയ്ത
**മാത്യു പുതുപ്പറമ്പിൽ അച്ചന് ഹൃദ്യമായ നന്ദി....**




എം.സി.വൈ.എം. ഭദ്രാസന ഡയറക്ടറായി നിയമിതനായ
**തോമസ് ചിറയത്ത് അച്ചന്**
ഹൃദ്യമായ സ്വാഗതം...

Scanned with CamScanner

# മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്

## പത്തനംതിട്ട ഭദ്രാസനം



ഇവാനിയൻ തീർത്ഥാടന പദയാത്രയെന്ന
മഹാപ്രയാണത്തിന് തുടക്കം കുറിക്കുവാൻ
നേതൃത്വം നൽകിയ ഡൊമനിക്ക് സക്കറിയാസ് അച്ചന്റെ
ദീപ്ത സേവനസ്മരണകൾക്കു മുമ്പിൽ
ഈ സാക്ഷ്യശേഖരം സമർപ്പിക്കുന്നു.

- എംസിവൈഎം ഭദ്രാസനസമിതി

Scanned with CamScanner

# മുഖക്കുറിമാനം

ജൂലൈ മാസം പിറക്കുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കരുടെ മനസ്സിൽ ഒരു പുണ്യചിന്തയ്ക്ക് കൂടി പിറവിയുണ്ട്! 'മലങ്കരയുടെ വെളിച്ചം' ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പുണ്യയാത്ര.

ദൈവസേവനത്തേക്കാൾ അത്യുത്തമമായി ദൈവ സമ്പാദനത്തെ ദർശിച്ച സന്യാസ ശ്രേഷ്ഠന്റെ 65-ാം പെരുന്നാളിന്റെ പുണ്യദിനത്തിലേക്ക് നാമിതാ പദമൂന്നിയിരിക്കുന്നു. പെരുനാട്, പുണ്യപിതാവിന്റെ താപസ ജീവിതത്തിന്റെ ഈറ്റില്ലവും പട്ടം കത്തീഡ്രൽ അദ്ദേഹത്തിന്റെ അന്ത്യവിശ്രമഗേഹവുമാണല്ലോ. വള്ളിക്കുരിശും കാഷായ വേഷവും ഈ വഴിത്താരയ്ക്ക് സുപരിചിതമാണ്. വിരലിലെണ്ണാവുന്ന പൂർവ്വസൂരികൾ കത്തുന്ന സൂര്യനു കീഴെ പ്രാർത്ഥനാചരണങ്ങളുമായി നടന്നു നീങ്ങിയത് കടുക് മണിയുടെ വിതക്കാലം പോലെ ആയിരുന്നു.

സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയോടും മെത്രാൻമാരോടും വൈദീകരോടും സന്യാസി സന്യാസിനികളോടും ചേർന്നു വിശ്വാസസാഗരമായി ഇന്ന് പദയാത്ര വളരുന്നതിനു പിന്നിലെ ചാലകശക്തി പുണ്യപിതാവിന്റെ തീക്ഷ്ണതക്കു ദൈവം നൽകിയ കയ്യൊപ്പ് എന്നു കാലം തെളിയിക്കുന്നു.

"സ്വർഗ്ഗത്തിൽ എത്തിയ ശേഷവും ഞാൻ പുനരൈക്യത്തിനായി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും" എക്കാലവും പുണ്യപിതാവ് ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

പുഴ ഒഴുകി കടലിൽ ചെന്നാൽ പിന്നെ പുഴക്കൊരു പേരില്ല. പദയാത്രയിൽ ചേരുവോളം പലർ, വ്രതശുദ്ധിയോടെ പദയാത്രയിൽ ചേർന്നു കഴിഞ്ഞാൽ ഒരേ ഒരു കൂട്ടായ്മ. ഇരമ്പുന്ന സാഗരസംഗീതമായി മാർ ഈവാനിയോസ് എന്ന സൂര്യതേജസ്സ്. ദേഹവും ദേഹിയും ആത്മാവും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ത്യാഗപൂർണ്ണ യാത്രയിൽ, അണി ചേർന്നവർ അണി ചേരാനായി വീണ്ടുമെത്തുന്നു. അനേകരെ കൂട്ടികൊണ്ടുവരുന്നു. അത്ഭുതങ്ങളും അടയാളങ്ങളും ചേർന്ന് ഒഴുകുന്ന പദയാത്രയുടെ ദൈവീക സൗരഭ്യം ദൈവജനം തിരിച്ചറിയുന്നു. വീണ്ടും നമ്മൾ ഒന്നിക്കുന്നു. പദയാത്രയിൽ നിന്നു ലഭിച്ച വെളിച്ചം അനേകരുടെ അനുഭവക്കുറിപ്പുകളായി സംഗമിക്കുന്ന ഒരു ചെറുപുസ്തകം, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജനസഭ സാദരം സമർപ്പിക്കുന്നു. തലമുറ തലമുറ കൈമാറി കെടാതെ സൂക്ഷിക്കുവാനുള്ള അനുഭവങ്ങൾ ഇവാനിയൻ വെളിച്ചത്തിൽ എഴുതാം. വായിക്കാം. വീണ്ടും പകർന്നു നൽകാം.

സ്നേഹപൂർവ്വം

**എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി**

Scanned with CamScanner

# എം.സി.വൈ.എം. പ്രസ്ഥാനത്തെ വളർത്തിയ തീർത്ഥാടനപുണ്യ പദയാത്ര

*"പദയാത്രയിതാ തീർത്ഥാടനമല്ലോ*
*പാടാം സ്തുതി നമ്മൾ താതൻ മാർ ഈവാനിയോസ്*
*പെരുനാട്ടിൽ നിന്നും പട്ടം വരെ നമ്മൾ*
*പോകുക ലക്ഷ്യം കബറിടമെന്നേ എന്നോർക്കൂ"*
*(ഫാ.ജോൺ കോന്നിയൂർ)*

ഒരു പദയാത്രക്കാലം കൂടി ആഗതമാകുന്നു...

'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന് പഠിപ്പിക്കുകയും സ്വജീവിതത്തിലൂടെ അത് പ്രാവർത്തികമാക്കി കാണിക്കുയും ചെയ്ത താപസശ്രേഷ്ഠൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ ആചരണത്തിന്റെ ഭാഗമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) നേതൃത്വം നൽകുന്ന തീർത്ഥാടനപുണ്യപദയാത്ര സമാഗതമാകുന്നു.



**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ**
മലങ്കര സുറിയാനി കത്തോലിക്കാ സഭ
യുവജനകമ്മീഷൻ സെക്രട്ടറി
എം. സി. വൈ. എം സഭാതല ഡയറക്ടർ

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ തിരുവനന്തപുരം അതിഭദ്രാസനത്തിലെ പ്രഥമ ഡയറക്ടർ പുണ്യശ്ലോകനായ ഡൊമനിക് സഖറിയ അച്ചന്റെ മനോമുകുരത്തിൽ ഉദിച്ച ആശയമായിരുന്നു പെരുനാട്ടിൽ നിന്നും പട്ടം വരെയുള്ള തീർത്ഥാടനപദയാത്ര. പെരുനാടും പട്ടവും മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന രണ്ട് സ്ഥലങ്ങളായതിനാലാണ് ഇത് രണ്ടും തെരഞ്ഞെടുത്തത്. കക്ഷി വഴക്കുകളിലും കോടതി വ്യവഹാരങ്ങളിലും നട്ടം തിരിയുന്ന തന്റെ സഭയ്ക്ക് (മലങ്കര ഓർത്തഡോക്സ് സഭ) ആദ്ധ്യാത്മിക നവീകരണത്തിലൂടെ മാത്രമെ മാറ്റം വരുകയുള്ളൂ എന്ന ബോധ്യത്താൽ സെറാമ്പൂരിലെ പ്രൊഫസർ ഉദ്യോഗത്തിന്റെ പകിട്ടിൽ നിന്നും കൽക്കട്ട നഗരത്തിന്റെ തിരക്കിൽ നിന്നും പി. ടി.ഗീവർഗീസ് അച്ചൻ (മാർ ഈവാനിയോസ്)





Scanned with CamScanner

തന്നെത്തന്നെ പറിച്ചു നട്ട്, മലങ്കരയിലെ ആദ്യ സന്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ഇടമാണ് റാന്നി-പെരുനാട്. ശിഥിലീകരിക്കപ്പെട്ടിരിക്കുന്ന ഒരു സഭയ്ക്ക് ക്രിസ്തു സ്നേഹം പകർന്നു നൽകാനാവില്ല എന്ന തിരിച്ചറിവിൽ നിന്ന് കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭയെ പുൽകിയതിനുശേഷം മാർ ഈവാനിയോസ് പിതാവിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച സ്ഥലമാണ് തിരുവനന്തപുരം പട്ടം. ഇഹലോകത്തിൽ ദൈവം തന്നെ ഏൽപിച്ച കർമ്മങ്ങളെല്ലാം പൂർത്തിയാക്കി ദൈവസന്നിധിയിലേക്കു യാത്രയായ അഭിവന്ദ്യ പിതാവിന്റെ ഭൗതിക ശരീരം സംസ്കരിച്ചിരിക്കുന്നതും ഈ മണ്ണിലാണ്.

പദയാത്രികരൊന്നാകെ വള്ളിക്കുരിശിന് പിന്നാലെ ഒരുവരിയായി അണിചേരുന്നു. ഭാരത അപ്പസ്തോലൻ മാർതോമാശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികളിലൊന്ന് സ്ഥിതിചെയ്യുന്ന നിലയ്ക്കൽ പ്രദേശത്തെ വനത്തിൽ നിന്നും ലഭിക്കുന്ന വള്ളികൾ ചേർത്ത് തയ്യാറാക്കിയ കുരിശാണ് പദയാത്രയിൽ ഉപയോഗിക്കുക. ബഹു.ഫീലിപ്പോസ് നടമല അച്ചനാണ് പദയാത്ര തുടങ്ങിയ കാലം മുതൽ ഇന്നോളം വള്ളിക്കുരിശ് തയ്യാറാക്കി നൽകുന്നത്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമം സ്ഥാപിച്ചപ്പോൾ ആശ്രമത്തിലെ അംഗങ്ങൾക്കായി തെരഞ്ഞെടുത്തത് കാവി വസ്ത്രമായിരുന്നു. ഭാരതത്തിലെ ഋഷിമാർ ധരിച്ചിരുന്ന വസ്ത്രമാണ് കാവി വസ്ത്രം. ഭാരതീയ തത്വചിന്തയോടും ആദ്ധ്യാത്മിക ശൈലിയോടും അനുരൂപപ്പെടുന്നതിന്റെ അടയാളമായാണ് മാർ ഈവാനിയോസ് കാവി വസ്ത്രത്തെ കണ്ടിരുന്നത്. അതിനാൽ തന്നെ പദയാത്രയിൽ കാവി വസ്ത്രധാരികളായി വിശ്വാസികൾ അണിചേരുന്നു.

മലങ്കര കത്തോലിക്കാ സഭയെ കാലാകാലങ്ങളിൽ നയിച്ച അഭിവന്ദ്യ പിതാക്കന്മാരുടെ പ്രോത്സാഹനവും പിന്തുണയും പദയാത്രികർക്കു നിർലോഭം ലഭിച്ചിട്ടുണ്ട്. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവാണ് പദയാത്ര എന്ന ആശയം സാക്ഷാത്കരിക്കാൻ അനുമതി നൽകിയത്. പെരുനാട് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് ആദ്യപദയാത്ര സംഘത്തെ ആശീർവദിച്ച് അനുഗ്രഹിച്ച് യാത്രയാക്കിയത് അഭിവന്ദ്യ പിതാവായിരുന്നു. എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പദയാത്ര ആരംഭിക്കാൻ പ്രോത്സാഹനം നൽകിയതും പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടായപ്പോഴും സഭയിലെ യുവത്വത്തെ വിശ്വസിക്കാനും പദയാത്ര യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മാത്രമായിരിക്കുമെന്ന് ഉറപ്പാക്കാനും അഭിവന്ദ്യ പിതാവ് ശ്രദ്ധിച്ചു.

സിറിൾ ബസേലിയോസ് കാതോലിക്കാ ബാവയുടെ കാലത്താണ് മാർ ഈവാനിയോസ് പിതാവിനെവിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു വേണ്ട കാനോനിക നടപടികൾക്ക് സഭയിൽ തുടക്കം കുറിച്ചത്. പദയാത്രികരുടെ എണ്ണം വർദ്ധിക്കുവാൻ ഇതും ഒരു കാരണമായി. വൈദീകജില്ലകളിൽ നിന്നും വിവിധ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പദയാത്രികരോടൊപ്പം കേരളത്തിന് പുറത്തു നിന്ന് (ബാഹ്യ കേരള മിഷൻ) പദയാത്രികർ സംഘമായി എത്തിത്തുടങ്ങുന്നത് ഈ കാലത്തിലാണ്. വിവിധ ഭദ്രാസനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പദയാത്രകളെ ഏകോപിപ്പിക്കുവാൻ എം.സി.വൈ.എം സഭാതല സമിതിയെ ചുമതലപ്പെടുത്തിയതും ഈ കാലഘട്ടത്തിലാണ്.

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാബാവ 2007 ൽ പദയാത്രയിൽ ആദ്യന്തം പങ്കുചേർന്നു. പിന്നീട് വിവിധ വർഷങ്ങളിലായി മൂന്ന് പ്രാവശ്യം കാതോലിക്കാബാവ പദയാത്രയിൽ പൂർണ്ണമായും പങ്കുചേർന്നു. പദയാത്രയിൽ ഉടനീളം പങ്കുചേരുന്ന ആദ്യ മെത്രാപ്പോലീത്താ എന്ന ബഹുമ

Scanned with CamScanner

തിയും പിതാവിന് സ്വന്തമാണ്. 2007 ൽ മാർ ഈവാനിയോസ് പിതാവിനെ ദൈവദാസനായി പ്രഖ്യാപിച്ചതിനുശേഷം പദയാത്രികരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനഉണ്ടായിട്ടുണ്ട്. പദയാത്ര സംഘം 15-ാം തീയതി രാവിലെ കബറിൽ എത്തിച്ചേരുന്ന രീതി മാറ്റി 14-ാം തീയതി വൈകിട്ട് കബറിൽ എത്തിചേരുകയും പിന്നീട് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം മെഴുകുതിരി പ്രദക്ഷിണവും ജൂലൈ 15 ന് വിശുദ്ധ കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും എന്ന ക്രമീകരണം നടത്തിയത് അഭിവന്ദ്യ ബാവ തിരുമേനിയാണ്. ബാവ തിരുമേനി പദയാത്രികൻ ആയതിനുശേഷം പദയാത്രയിൽ പങ്കുചേരുന്ന പിതാക്കന്മാരുടെയും വൈദീകരുടെയും സന്യസ്തരുടെയും വിശ്വാസ സമൂഹത്തിന്റെയും പങ്കാളിത്തം വർദ്ധിച്ചു എന്നതും ചരിത്രമാണ്.



ജൂലൈ മാസം 1-ാം തീയതി മുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എല്ലാ ദൈവാലയങ്ങളിലും മാർ ഈവാനിയോസ് പിതാവിന്റെ ഛായാചിത്രം അലങ്കരിക്കുകയും പ്രത്യേകം പ്രാർത്ഥനകളും ശുശ്രൂഷകളും ആരംഭിക്കുകയും ചെയ്യുന്നു. എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവക/ജില്ലാ/മേഖല തലങ്ങളിൽ പദയാത്രയ്ക്ക് ഒരുക്കമായി ഇവാനിയൻ ധ്യാനം ക്രമീകരിക്കുന്നു. പദയാത്രയിൽ പങ്കു ചേരുന്നവർ ജൂലൈ 1 മുതൽ തന്നെ നോമ്പിലും വ്രതാനുഷ്ഠാനങ്ങളിലും മുഴുകുന്നു. ജൂലൈ 9 ന് വൈകിട്ട് പെരുനാട് കുരിശുമല ദൈവാലയത്തിൽ കുരിശിന്റെ വഴിയും പദയാത്ര ഒരുക്കധ്യാനവും നടത്തുന്നു. 10 ന് പ്രഭാതപ്രാർത്ഥനയും അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിലുള്ള വിശുദ്ധ കുർബാനയ്ക്കും ശേഷം പദയാത്ര ആരംഭിക്കുന്നു. ഈ വർഷം ജൂലൈ 15 ഞായറാഴ്ച ആയതിനാൽ ജൂലൈ 14 ന് മാർ ഈവാനിയോസ് അനുസ്മരണം ക്രമീകരിച്ചിരിക്കുന്നതിനാൽ ജൂലൈ 8 ന് പദയാത്ര ഒരുക്കധ്യാനവും തുടർന്ന് ജൂലൈ 9 ന് പദയാത്ര ആരംഭിക്കുകയും ചെയ്യുന്നു.

മലങ്കരയുടെ കെടാവിളക്കായ മാർ ഈവാനിയോസ് പിതാവിന്റെ ദീപ്തസ്മരണ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ 1978 ൽ ഒരു ചെറു സംഘം നടത്തിയ പദയാത്ര ഇന്ന് പതിനായിരങ്ങ




Scanned with CamScanner

ളുടെ പങ്കാളിത്തത്തോടെ പട്ടം കത്തീഡ്രലിലെത്തുമ്പോൾ അതൊരു വലിയ വിശ്വാസ പ്രഖ്യാപനം കൂടിയായി മാറുന്നു. തിരുവല്ല, മാവേലിക്കര, മാർത്താണ്ഡം, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും പൂനൈ-കട്കി എക്സാർക്കേറ്റിൽ നിന്നും ഭദ്രാസന ത്തിനു പുറത്തുള്ള കേന്ദ്രങ്ങളിൽ നിന്നും എത്തുന്ന പദയാത്രകൾ പ്രധാനപദയാത്ര യോട് ചേർന്ന് പട്ടം കത്തീഡ്രലിൽ എത്തിച്ചേരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് കേരളത്തിന്റെ അതിർത്തികൾ വിട്ട് തമിഴ്നാട്ടിലേക്കും, കർണ്ണാടകയിലേക്കും, ആന്ധ്രയിലേക്കും, ഒറീസ്സയിലേക്കും, സിക്കിമിലേക്കും, ത്രിപുരയിലേക്കും, പഞ്ചാബി ലേക്കും മിഷൻ പ്രദേശങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് മാർതോമാ ശ്ലീഹാ പകർന്നു നൽകിയ വിശ്വാസ ദീപശിഖ അനേകർക്ക് കൈമാറുന്നു. വ്യത്യസ്ത ദേശങ്ങളിൽ നിന്നുള്ളവർ, വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ, വ്യത്യസ്ത ഭക്ഷണ സംസ്കാരവും, വേഷവി ധാനവുമുള്ളവർ മാർ ഈവാനിയോസ് എന്ന പുണ്യപിതാവിന്റെ മാദ്ധ്യസ്ഥം തേടി പദ യാത്രയിൽ പങ്കുചേരുമ്പോൾ അത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒരു ചെറുപതിപ്പായി മാറുന്നു. വിദൂരദേശങ്ങളിൽ നിന്ന് കഷ്ടപ്പാടുകളും പ്രതിസന്ധികളും സഹിച്ച് പദയാത്രയിൽ പങ്കുചേരുന്നവർ തൊട്ടടുത്ത വർഷങ്ങളിൽ അനേകരെ കൂട്ടി ക്കൊണ്ടു വരുകയും ചെയ്യുന്നു.

മാർ ഈവാനിയോസ് പിതാവ് ഒരത്ഭുതമാണ്. ഓരോ പദയാത്രയും അത്ഭുതങ്ങളുടെ തുടർച്ചയും. തോരാമഴയിലും കത്തിക്കാളുന്ന വെയിലിലും ജപമാല യുടെ ഭക്തിയിൽ പരിശുദ്ധപിതാവിന്റെ മാദ്ധ്യസ്ഥം യാചിച്ച് പതിനായിരങ്ങൾ ആ പുണ്യപിതാവിന്റെ കബറിടത്തിലെത്തുമ്പോൾ ലക്ഷ്യം ഒന്നു മാത്രം യേശുനാഥനോട് കൂടുതൽ അടുക്കുക. നിരവധി നിയോഗങ്ങളുമായി യാത്രയ്ക്കിറങ്ങുന്നവരും, അനുഗ്ര ഹങ്ങളുടെ വലിയ കഥകൾ പറഞ്ഞ് നന്ദിയോടെ യാത്രയുടെ ഭാഗമാകുന്നവരും തങ്ങ ളുടെ സങ്കടക്കടലിൽ നിന്ന് മോചനമാഗ്രഹിച്ച് പദയാത്രയുടെ ഭാഗമാകുന്നവരും നിരവ ധി. അതിനവരെ പ്രേരിപ്പിക്കുന്നതാകട്ടെ പിതാവിന്റെ മദ്ധ്യസ്ഥ ശക്തിയിലുള്ള ആഴമേ റിയ വിശ്വാസവും. ആ വിശ്വാസം അടുത്തു നിന്ന് അറിയുമ്പോൾ ആ യുഗപുരു ഷനെവീണ്ടും വീണ്ടും അവർ പ്രണമിക്കുന്നു. നിരത്തുകളിൽ നാം സാധാരണ കാണുന്ന നിരവധി പദയാത്രകളിൽ നിന്ന് ഈ തീർത്ഥാടനപദയാത്ര മാത്രം എന്തുകൊണ്ട് വ്യത്യാ സപ്പെടുന്നു ?. ഓരോ വർഷവും പദയാത്രയിൽ പങ്കെടുക്കാനെത്തുന്നവരുടെ എണ്ണം ഇര ട്ടിയിലധികം. വീണ്ടും വീണ്ടും പങ്കെടുക്കാനും നടക്കാനും പ്രേരിപ്പിക്കുന്ന എന്തോ ഒന്ന് ഇതിലുണ്ടെന്നത് അനുഭവിച്ചറിഞ്ഞ വാസ്തവം. യാത്രയിലൊക്കെയും എല്ലാം വിട്ടുപേ ക്ഷിച്ച് സർവ്വസംഗപരിത്യാഗിയായി എല്ലാം ദൈവത്തിൽ ആശ്രയിച്ച് ജീവിച്ച പിതാവ് ഒപ്പം നടക്കുന്നത് പദയാത്രികർ അറിയുന്നു.

കബറിങ്കലേക്കുള്ള പദയാത്ര മലങ്കര സഭാമക്കളെ സംബ ന്ധിച്ചിടത്തോളം വൈകാരിക അനുഭവം കൂടിയാണ്. സഭാപിതാക്കന്മാരും വൈദീകരും വൈദികവിദ്യാർത്ഥികളും സന്യാസിനികളും കുട്ടികളും യുവാക്കളും സ്ത്രീകളും വൃദ്ധരും ഉൾപ്പെടുന്ന പ്രാർത്ഥനാനിരതരായ ഒരു വലിയ സമൂഹത്തിന്റെ പ്രയാണം അങ്ങേയറ്റം ആത്മീയ ചൈതന്യത്തോടെ വിവിധ സമൂഹവിഭാഗങ്ങൾ വഴിവക്കിൽ നിന്ന് ആദരവോടെയും ഭക്തിയോടെയും അതിലേറെ അത്ഭുതത്തോടെയും നോക്കിക്കാണു ന്നു. ഇരുപത്തിയഞ്ചു വർഷത്തിലേറെയായി തുടർച്ചയായി പദയാത്രയിൽ പങ്കെടുക്കു ന്നവരും ഒരാഴ്ചക്കാലം തങ്ങളുടെ പഠനത്തിനും കലാലയത്തിനും ബൈ പറഞ്ഞ്





Scanned with CamScanner

എത്തുന്ന വിദ്യാർത്ഥികളും, പദയാത്രയിൽ പങ്കെടുക്കുന്നതിനും മാത്രം ലീവെടുത്ത് നാട്ടിൽ എത്തുന്ന പ്രവാസികളും നിത്യക്കാഴ്ചകൾ. മക്കളില്ലാതെ സങ്കടക്കയത്തിൽ ആയിരുന്ന ദമ്പതികൾ പദയാത്രയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം നൽകിയ മക്കളുമൊത്ത് പദയാത്രയിൽ പങ്കുചേർന്ന് ദൈവത്തിന് നന്ദിയർപ്പിക്കുന്നു.



ദുരിതങ്ങളും രോഗങ്ങളും നിരവധി ആകുലതകളും ജൂലൈ മാസത്തിലെ തോരാമഴയിൽ ഒഴുക്കിക്കളഞ്ഞ് സ്നേഹത്തോടെ, അലിവോടെ, നിറവോടെ ദൈവനാമം ഉച്ചരിക്കുന്ന തീർത്ഥാടകർ പകർന്നു നൽകുന്ന പാഠങ്ങൾ നിരവധി. ജീവിതത്തിന്റെ തിരക്കുകളിൽ നിന്നകന്ന്, പതിവുകാഴ്ചകളെ മാറ്റിവച്ച് ആത്മീയതയുടെ ആകാശം പുൽകാനുള്ള വെമ്പൽ ഓരോ പദയാത്രികനിലും കാണാനാകും. വ്യാകുലതകൾക്കും വിഹ്വലതകൾക്കും അവധി നൽകി, പാതയോരത്തുകൂടി ഗുരുവിനെധ്യാനിച്ച് പോകുന്നവർ അനുഭവിക്കുന്ന ആന്തരികസന്തോഷം വാക്കുകളിൽ വിവരിക്കാനാകുന്നതുമല്ല. സ്നേഹത്തിലും ജീവിതവിശുദ്ധിയിലും സ്നാനം ചെയ്യാനാഗ്രഹിക്കുന്നവർ ദൈവത്തിന്റെ ഊർജ്ജപ്രവാഹങ്ങളെ ഏറ്റുവാങ്ങുവാൻ നമ്രശിരസ്കരാകുന്നവർ... പദയാത്ര വിസ്മയകരമായ ഒരനുഭവമാകുന്നു. ഏറ്റവും പ്രിയപ്പെട്ട മാസം ജൂലൈ ആണെന്ന സുഹൃത്തായ യുവാവിന്റെ വാക്കുകൾ അതിശയപ്പെടുത്തി, കാരണമായി അവൻ പറഞ്ഞത് ജൂലൈ തീർത്ഥാടന പദയാത്രയുടെ കാലമാണെന്നായിരുന്നു. ലോകത്തിന്റെയും ഭാരതത്തിന്റെയും കേരളത്തിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്നവർ വ്യത്യസ്ത വഴിയിലൂടെ ഒരേ ലക്ഷ്യത്തിലേക്ക്, വന്ദ്യഗുരുവിന്റെ കബറിടത്തിലേക്ക്. സ്വന്തം കൂടാരത്തിൽ നിന്ന് നസ്രായന്റെ കൂടാരത്തിലേക്കുള്ള അകലമാണ് ഓരോ പദയാത്രയും, ഒപ്പം ആന്തരികലോകത്തിലേക്കുള്ള സഞ്ചാരവും. വാക്കിനെയും ചിന്തയെയും ശുദ്ധീകരിക്കാനും അപരനു തുണയാകാനും ഈ പദയാത്ര നമ്മെ സഹായിക്കുന്നു.

**മാർ ഈവാനിയോസ് പിതാവ്**
**ഒരത്ഭുതമാണ്.**
**ഓരോ പദയാത്രയും**
**അത്ഭുതങ്ങളുടെ തുടർച്ചയും.**
**തോരാമഴയിലും**
**കത്തിക്കാളുന്ന വെയിലിലും**
**ജപമാലയുടെ ഭക്തിയിൽ**
**പരിശുദ്ധ പിതാവിന്റെ**
**മാദ്ധ്യസ്ഥം യാചിച്ച്**
**പതിനായിരങ്ങൾ**
**ആ പുണ്യപിതാവിന്റെ**
**കബറിടത്തിലെത്തുമ്പോൾ**
**ലക്ഷ്യം ഒന്നു മാത്രം**
**യേശുനാഥനോട്**
**കൂടുതൽ അടുക്കുക.**





Scanned with CamScanner

വിവിധ കാലഘട്ടങ്ങളിൽ എം.സി. വൈ.എം പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തിരുന്ന യുവജനനേതാക്കന്മാരും ഡയറക്ടർ അച്ചന്മാരും പദയാത്രയെ ഇന്നത്തെ നിലയിൽ രൂപപ്പെടുത്തുന്നതിൽ സുപ്രധാനപങ്കുവഹിച്ചവരാണ്. പദയാത്രയ്ക്ക് ഒരുക്കമായി വിവിധ വൈദീകജില്ലകളിൽ നടക്കുന്ന പദയാത്ര ഒരുക്ക ധ്യാനം, പദയാത്ര ക്രമീകരണത്തിനായി പദയാത്ര ഫണ്ട് രൂപീകരണം, പദയാത്രയുടെ ഏറ്റവും മുമ്പിലായി. മാർ ഈവാനിയോസ് പിതാവിന്റെ ഛായചിത്രം അലങ്കരിച്ച വാഹനം, പദയാത്രികരുടെ ഉപയോഗത്തിനായി എഴുതി തയ്യാറാക്കിയ പദയാത്ര മഞ്ജരി, പദയാത്രികർ അണിയുന്ന ബാഡ്ജ്, പദയാത്ര കടന്നു പോകുന്ന പ്രധാനസ്ഥലങ്ങളിലുള്ള കവല പ്രസംഗങ്ങൾ, പ്രധാനപദയാത്രയിൽ ഉൾപ്പെടുന്ന തരത്തിൽ ജില്ലകളിൽ നിന്നും ആരംഭിക്കുന്ന പദയാത്രകൾ, ഇവാനിയൻ പദയാത്ര അനുഭവക്കുറിപ്പുകൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ പദയാത്രയ്ക്ക് അനുഗുണമായി വന്നു ഭവിച്ചു. ഭാരതത്തിന് അകത്തും പുറത്തും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മക്കൾ അധിവസിക്കുന്ന ഇടങ്ങളിലെല്ലാം മാർ ഈവാനിയോസ് ദിനത്തോടനുബന്ധിച്ച് പദയാത്ര നടത്തപ്പെടുന്നു എന്നുള്ളത് മലങ്കര സഭ മുഴുവൻ പദയാത്രയെ ഹൃദയത്തിലേറ്റി എന്നുള്ളതിന്റെ മകുടോദാഹരണമാണ്. മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ അഭയം തേടി പ്രാർത്ഥിച്ചപ്പോൾ ലഭിച്ച നന്മകളും ദൈവാനുഗ്രഹങ്ങളും, വേണ്ടത്ര ഒരുക്കമില്ലാതെ പദയാത്രിൽ പങ്കുചേർന്നപ്പോൾ വന്നു ഭവിച്ച വൈഷമ്യങ്ങളും പങ്കുവയ്ക്കുന്ന അനുഭവസാക്ഷ്യവേദികൾ ആദ്യ കാലഘട്ടത്തിൽ തന്നെ പദയാത്രയിൽ ഉണ്ടായി. പിതാവിന്റെ വിശുദ്ധിയെയും ദൈവാശ്രയബോധത്തെയും കുറിച്ചുള്ള പങ്കുവെക്കലായിരുന്നു ഓരോ അനുഭവസാക്ഷ്യങ്ങളും, പിതാവിന്റെ മധ്യസ്ഥതയിൽ ശരണപ്പെടാൻ അനേകർക്ക് ഇത് പ്രേരക ശക്തിയായി മാറി.

സുവർണ്ണജൂബിലി നിറവിലായിരിക്കുന്ന എം.സി.വൈ.എം പ്രസ്ഥാനം വളരെ സന്തോഷത്തോടും അഭിമാനത്തോടും കൂടെയാണ് ഓരോ വർഷവും പദയാത്രയ്ക്ക് നേതൃത്വം കൊടുക്കുക. പദയാത്രയും എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ വളർച്ചയും പരസ്പര പൂരകങ്ങളാണ്. പദയാത്രയ്ക്കു മുമ്പായി ഈവാനിയോസ് പിതാവിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും സഭയിൽ സജീവ ശ്രദ്ധയോ പഠനവിഷയമോ ആയി രൂപപ്പെട്ടിരുന്നില്ല. ഇവാനിയൻ ആശയങ്ങളും ദർശനങ്ങളും മലങ്കരയിൽ ആകമാനം അറിയുവാൻ പദയാത്ര ഒരു നിമിത്തമായെങ്കിൽ എം.സി. വൈ.എം എന്നത് വെറും ഒരു സംഘടനഎന്ന തലം വിട്ട് ആദ്ധ്യാത്മികതയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന യുവജനപ്രസ്ഥാനമായി മാറാൻ പദയാത്ര നിമിത്തമായി. പദയാത്രയിൽ പങ്കുചേർന്ന് ശുശ്രൂഷകളിൽ പങ്കാളിയായി പിന്നീട് എം. സി.വൈ.എം പ്രസ്ഥാനത്തിന്റെ നേതൃനിരയിലേക്ക് അനേകർ കടന്നുവന്നു. യൂണിറ്റ്തലം മുതൽ ഭദ്രാസനതലം വരെയുള്ള എം.സി.വൈ.എം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ബന്ധങ്ങൾ ഊഷ്മളമാകുന്നതിനും പദയാത്ര വേദിയായി. ആദ്യനാളുകളിൽ പദയാത്രയ്ക്ക് പുറം തിരിഞ്ഞു നിന്ന വ്യക്തികൾ അനേകരായിരുന്നു. പക്ഷേ ദൈവപരിപാലനയിൽ അതിനെയെല്ലാം അഭിമുഖീകരിച്ച് മുന്നോട്ടു പോകാൻ പദയാത്രയ്ക്ക് നേതൃത്വം വഹിക്കുന്ന യുവജനസഭയുടെ നേതാക്കന്മാർക്കായി. ഇന്ന് പദയാത്ര എം.സി. വൈ.എം പ്രസ്ഥാനത്തിന്റേതു മാത്രമല്ല. സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവയോട് തോളോട് തോൾ ചേർന്ന് സഭാമക്കൾ പങ്കെടുക്കുന്ന ഒരു വിശ്വാസ പ്രഘോഷണ സാക്ഷ്യയാത്രയായി മാറി. അഭിവന്ദ്യ പിതാക്കന്മാരുടെ കരങ്ങൾ പിടിച്ചുകൊണ്ട് പദയാത്രയുടെ ഏറ്റവും മുമ്പിലായി നടക്കുന്ന കുഞ്ഞുകുട്ടികൾ വഴിവക്കിൽ നിന്ന് പദയാത്രയെ വീക്ഷിക്കുന്നവർക്ക് പോലും പ്രചോദനമായി മാറുന്നു. പദയാത്രയ്ക്ക് തുടക്കം കുറിക്കാൻ ഒരു നിമിത്തമായതിൽ എം.സി. വൈ.എം പ്രസ്ഥാനം അഭിമാനിക്കുന്നു.

ജയ് ജയ് എം.സി.വൈ.എം

ജയ് ജയ് മാർ ഈവാനിയോസ്

Scanned with CamScanner

# ഫാ. ഡൊമനിക് സക്കറിയ, തീർത്ഥാടനപദയാത്രയെ നട്ടുനനച്ച കർമ്മയോഗി



കെ. ജി. ജോയി മൈലപ്ര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടനപദയാത്ര 40 വർഷം പൂർത്തിയാക്കുന്നു. മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം സുവർണ്ണജൂബിലി വർഷത്തിലുമാണ്. തീർത്ഥാടനപദയാത്രയെ വളർത്തിയവർ പലരുമുണ്ടെങ്കിലും നട്ടതും നനച്ചതും ഡൊമനിക് സക്കറിയ എന്ന വൈദികനാണ്. സഭയൊന്നാകെ തീർത്ഥാടനപദയാത്രയും ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണവും ആത്മീയ ആഘോഷമാകുമ്പോൾ ഏറെ സന്തോഷിക്കുന്നത് അച്ചന്റെ ആത്മാവാണ്. ദാർശനികൻ, എഴുത്തുകാരൻ, പണ്ഡിതമായ അധ്യാപകൻ, എന്നീ വിശേഷണങ്ങൾക്കെല്ലാം ഉപരി വിനീതനായ ഒരു പുരോഹിതനായിരുന്നു അദ്ദേഹം.

**ജനനം വിദ്യാഭ്യാസം പൗരോഹിത്യസ്വീകരണം**

തുമ്പമൺ വടക്കേമേലേതിൽ കുടുംബാംഗമായ വി.ഐ. സ്കറിയായുടെയും ചങ്ങനാശ്ശേരി അതിരൂപതാംഗം തോട്ടയ്ക്കാട്ട് ആനാറ്റിൽ ത്രേസ്യാമ്മയുടെയും സീമന്തപുത്രനായി 1935 ജൂലൈ 18 ന് ജനിച്ചു. വി.എസ്. ജോയി എന്ന ബാലൻ തുമ്പമൺ ഗവ. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം അധ്യാപകനായ സ്വപിതാവിന്റെ കൂടെ കോതമംഗലത്ത് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കി. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ ഇന്റർ മീഡിയറ്റിന് ശേഷമാണ് സെമിനരിയിൽ പ്രവേശിച്ചത്. 1961 ഡിസംബർ 22 ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ പുണ്യശ്ലോകനായ ബഡനിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. തുമ്പമൺ മാമ്പിലാലി പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടി. 1966-67 ൽ അഞ്ചൽ കോളേജിലും മാർ ഈവാനിയോസ് കോളേജിലും അധ്യാപക ശുശ്രൂഷയിൽ പ്രവേശിച്ചെങ്കിലും തന്റെ

കർമ്മമണ്ഡലം അതല്ലെന്ന് തിരിച്ചറിഞ്ഞ് പിറ്റേവർഷം ജോലി രാജിവയ്ക്കുകയും അജപാലനശുശ്രൂഷയിലേക്ക് തിരിയുകയും ചെയ്തു.

**എം.സി.വൈ.എമ്മിന്റെ തുടക്കം**

രണ്ടാം വത്തിക്കാൻകൗൺസിൽ സഭയിലുണ്ടാക്കിയ പുത്തൻഉണർവ് യുവജന- അത്മായമുന്നേറ്റങ്ങൾക്ക് തുടക്കം കുറിച്ച കാലഘട്ടമായിരുന്നു അത്. ഇടവകകളിൽ ഉണ്ടായിരുന്ന യുവജനകൂട്ടായ്മകൾ രൂപതാതലത്തിലും സഭാതലത്തിലും പൊതുസംഘടനയുടെ കീഴിൽ പ്രവർത്തിക്കാൻ തുടങ്ങി. മലങ്കര കത്തോലിക്കാ യുവജനസംഘടനയ്ക്ക് എം.സി.വൈ.എം. എന്ന പേര് തെരഞ്ഞെടുത്തു. 1968 ൽ 'യുവദീപം' എന്നപേരിൽ തിരുവല്ല രൂപതയിൽ യുവജനപ്രസ്ഥാനം നിലവിൽ വന്നു. തിരുവനന്തപുരം അതിരൂപതയിൽ എം.സി.വൈ.എം. സ്ഥാപിതമായത് 1972 ൽ ആണ്. വ്യത്യസ്ഥ റീത്തുകളിലെ യുവജനപ്രസ്ഥാനങ്ങളുടെ പൊതുവേദിയായി കെ.സി.വൈ.എമ്മും എംസിവൈഎമ്മിന്റെ സഭാതലസംവിധാനമെന്ന നിലയിൽ ദേശീയസമിതിയും വളർച്ചയുടെ വിവിധഘട്ടങ്ങളിൽ ജന്മംകൊണ്ടവയാണ്.

**തീർത്ഥാടനപദയാത്ര ആരംഭം**

എം.സി.വൈ.എം. ന്റെ പ്രഥമ ഡയറക്ടർ എന്ന നിലയിൽ 11 വർഷം അഭിഭക്ത തിരുവനന്തപുരം മേജർ അതിരൂപതയിൽ ത്യാഗനിർഭരമായ നേതൃത്വമാണ് അച്ചൻ നൽകിയത്. അതിൽ ഏറ്റവും ശ്രദ്ധേയമായ തീർത്ഥാടനപദയാത്രയ്ക്ക് തുടക്കം കുറിച്ചത് തന്നെയാണ്. മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയും പരിമളവും സഭൈക്യദർശനവും ഇന്ന് സാർവത്രിക സഭയിലാകെ ഏറെ സ്വാധീനം ചെലുത്തപ്പെടുന്നുണ്ടെങ്കിൽ അതിനെല്ലാം അടിസ്ഥാനകാരണമായി നിലകൊള്ളുന്നത് ഈ ആത്മീയ മുന്നേറ്റമാണ്.

അഭിവന്ദ്യ ബനഡിക്ട് പിതാവിന്റെയും ദൈവദാസനെതൊട്ടനുഭവിച്ച കുറെ വൈദീകരുടെയും കലവറയില്ലാത്ത പിന്തുണയും അച്ചനോടൊപ്പം ഉണ്ടായിരുന്നു. പേരും പ്രശസ്തിയും ഒരിക്കലും അച്ചന്റെ ലക്ഷ്യമായിരുന്നില്ല. നന്മയെന്നു ബോധ്യമുള്ള ഏത്കാര്യവും തീരുമാനം ഉറപ്പിച്ചുകഴിഞ്ഞാൽ വിജയപരാജയങ്ങൾ കണക്കിലെടുക്കാതെ മുമ്പോട്ട് പോവുക അച്ചന്റെ പ്രത്യേകതയായിരുന്നു. വിവിധ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന സമയത്ത് തന്നെ ആനുകാലികങ്ങളിലൂടെ വെളിച്ചം കണ്ടു. ഞായറാഴ്ച്ചതോറുമുള്ള സുവിശേഷ വായനാഭാഗങ്ങളെ വ്യാഖ്യാനിക്കുന്ന 'പ്രതിവാര സുവിശേഷപഠനം' എന്ന ലഘുലേഖനപരമ്പരകളിലായി അച്ചടിച്ച് ഇടവകതോറും അദ്ദേഹം വിതരണം ചെയ്തു.




Scanned with CamScanner

**വേർപാടും ഫൗണ്ടേഷൻ രൂപീകരണവും**

സ്വന്തം ഇടവകയായ തുമ്പമൺ മാമ്പിലാലി സെന്റ് തോമസ് ഇടവകയിലാണ് അദ്ദേഹം അദ്ദേഹം അവസാനമായി ശുശ്രൂഷ ചെയ്തത്. രോഗബാധിതനായ ശേഷം കേശവദാസപുരത്ത് വൈദീക മന്ദിരത്തിൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചെങ്കിലും അവിടെയും തന്റെ എഴുത്ത് തുടരുകയും 'വി. മത്തായിയുടെ സുവിശേഷം ദൈവജനത്തിന് പുതുജീവൻ', 'മത്തായി ശ്ലീഹായുടെ സുവിശേഷം ഒരു പുനർവിചാരം' എന്നീ രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 2000 സെപ്തംബർ 7 ന് ഭൂമിയിലെ തന്റെ ദൈവസേവനവും സഭാസേവനവും പൂർത്തിയാക്കി.

അച്ചന്റെ സേവനങ്ങൾ വിസ്മൃതിയിലാണ്ടുപോകരുതെന്ന് ആഗ്രഹിച്ച് അദ്ദേഹത്തിന്റെ പേരിൽ ഒരു ഫൗണ്ടേഷൻ സ്ഥാപിക്കപ്പെട്ടു. അച്ചനോടൊപ്പം പ്രവർത്തിക്കാനും പ്രചോദനം സ്വീകരിക്കാനും ഭാഗ്യംസിദ്ധിച്ച ഏതാനം അൽമായ സഹോദരങ്ങളാണ് ഇതിന് മുൻകൈയ്യെടുത്തത്.


ഡൊമനിക് സക്കറിയാസ് അച്ചന്റെ പ്രൗഡോജ്ജ്വലമായ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ആദ്യതീരുമാനം. ഫാ. സിൽവസ്റ്റർ കാഞ്ഞിരമുകളിൽ, ശ്രീ. പീറ്റർ സി എബ്രഹാം എന്നിവർ ഏറെ കഠിനധ്വാനം ചെയ്ത് ചുരുങ്ങിയകാലം കൊണ്ട് വിലപ്പെട്ട ലേഖനങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിലാക്കി. അച്ചന്റെ ഏകസഹോദരി ശ്രീമതി അൽഫോൻസ സക്കറിയായും ഭർത്താവ് ശ്രീ. കെ. ഒ. തോമസ് കടകംപള്ളിയും ലേഖനങ്ങൾ കണ്ടെത്തുന്നതിന് ഏറെ സഹായിച്ചു. ബഥനി പബ്ലിക്കേഷൻസ് നിശ്ചിത സമയത്തിനുള്ളിൽ മുദ്രണം പൂർത്തീകരിച്ചു. അച്ചന്റെ ഒന്നാം വാർഷിക അനുസ്മരണ വേളയിൽ പത്തനംതിട്ട ഭദ്രാസനദൈവാലയത്തിൽ 'ദൈവശാസ്ത്ര പഠനങ്ങൾ' എന്ന പേരിലുള്ള പുസ്തകം അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവ് പ്രകാശനം ചെയ്തു. വിശ്വാസവും സഭാത്മകവുമായ ആധികാരിക പഠനസഹായിയാണ് ഈ ഗ്രന്ഥം.



**ബഥനി പ്രസ്ഥാനത്തിന്റെ തുടർച്ചയായ യുവജനപ്രസ്ഥാനം**

ബഥനി ചൈതന്യത്തിൽ ത്രിവിധ മാനങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ബഥനി പ്രസ്ഥാനത്തിന്റെ തുടർച്ചയാണ് പുനരൈക്യപ്രസ്ഥാനം. സഭയിൽ മുഴുവനും ഒരു മാറ്റത്തിനുവേണ്ടി ഹൃദയത്തിൽ പ്രാർത്ഥിക്കുകയും ബുദ്ധിയിൽ ചിന്തിക്കുകയും മനസിൽ ദൈവത്തിന് സമർപ്പിക്കുകയും ശരീരംകൊണ്ട് പരിശ്രമിക്കുകയും ചെയ്യുന്ന ഒരു സമൂഹമായിരുന്നു ബഥനിയുടേത്. സഭയുടെ കെട്ടുപണിയിൽ ഉൾപ്പെടുന്ന യുവാക്കന്മാരെയും യുവതികളെയും വളർത്തിയെടുക്കുക മലങ്കര സഭയ്ക്ക് ആവശ്യമാണെന്ന് ആദ്യമെ മനസിലാക്കിയത് മാർ ഈവാനിയോസ് പിതാവാണ്. പഠനത്തിലും പ്രാർത്ഥനയിലും സഭയുടെ ആത്മാവിനെതേടിയെത്തുന്ന യുവഗണങ്ങളെ രൂപപ്പെടുത്തുവാനാണ് പിതാന് വൈദീകനായിരുന്നപ്പോഴെ പരിശ്രമിച്ചത്. മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ മൂശയിൽ വാർത്തെടുത്ത ഒരു ദൈവനിയോഗമാണ്. ദൈവസമ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ബഥനിയുടെ തുടർച്ചയാണ് മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം. അവർ ലോകത്തിൽ ജീവിക്കുന്നു. പക്ഷേ, മനസും ഹൃദയവും ആത്മാവും ദൈവത്തിലും ആഴമായ ദൈവാനുഭവത്തിലുമാണ് ലോകത്തോട് പ്രതികരിക്കുന്നത്.

Scanned with CamScanner



റെജി രാമൻചിറ

**തീർത്ഥാടനപദയാത്രയിൽ മുഴങ്ങി കേൾക്കുന്ന 'ഭാരത ന്യൂമാൻ എന്ന അപരനാമധേയത്താൽ പ്രഖ്യാതനായ....' എന്ന അനൗൺസ്മെന്റ്, മഞ്ജരി എന്നിവ ഇന്നുപയോഗിക്കുന്ന തരത്തിലേക്ക് മാറിയതിന് പിന്നിൽ പ്രയത്നിച്ചവരെ ഇവിടെ സ്മരിക്കുന്നു...**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി എനിക്ക് എക്കാലും ഒരു പ്രജോദനമാണ്. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃകയായിരുന്നു അഭിവന്ദ്യ പിതാവ്. പിതാവിന്റെ പ്രവർത്തന പന്ഥാവ് അത്രയേറെ സംഭവ ബഹുലമാണ്. എംസിവൈഎം പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയ കാലം മുതലാണ് വന്ദ്യ പിതാവിനെകുറിച്ച് കൂടുതൽ അറിയാൻ ശ്രമിച്ചതും അതിന് ഇടയായതും.

പത്തനംതിട്ട ഭദ്രാസനത്തിലെ രാമൻചിറ ഇടവകാംഗമായ എനിക്ക് എംസിവൈഎം യൂണിറ്റ് തലം മുതൽ രൂപതാതലം വരെ പ്രവർത്തിക്കുവാനും നേതൃത്വം നൽകുവാനും ദൈവം അവസരങ്ങൾ നൽകി. അങ്ങനെസ്ഥിരമായി തീർത്ഥാടനപദയാത്രയിൽ പങ്കുചേരുവാനും വന്ദ്യപിതാവിന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുവാനും സാധിച്ചു. പദയാത്രയിൽ പങ്കെടുക്കുമ്പോൾ പലപ്പോഴും പൈലറ്റ് വാഹനങ്ങളിൽ അനൗൺസർ ആവുക പതിവായിരുന്നു. തുടർച്ചയായി ആറ് ദിവസത്തെ അനൗൺസ്മെന്റ് ശ്രമകരമായിരുന്നുവെങ്കിലും അത് ത്യാഗനിർഭരമായ ഒരു പ്രാർത്ഥനയായിട്ടാണ് അനുഭവപ്പെട്ടത്.

അക്കാലത്ത് പദയാത്രാമഞ്ജരിയിലെ ഗാനങ്ങൾ റെക്കോഡ് ചെയ്ത് വാഹനങ്ങളിൽ ഉപയോഗിച്ചിരുന്നത് വേണ്ടത്ര തയാറെടുപ്പ് ഇല്ലാതെ ആയിരുന്നു. വീടുകളിൽ ടേപ്പ് റിക്കോഡറിൽ റിക്കോഡ് ചെയ്ത ഗാനങ്ങൾ ഉപയോഗിക്കുന്ന പതിവായിരുന്നു ഉണ്ടായിരുന്നത്. അത് കുറേക്കൂടി നല്ല നിലവാരത്തിൽ റെക്കോഡിംഗ് സ്റ്റുഡിയോയിൽ റെക്കോഡ് ചെയ്ത് ഉപയോഗിക്കണമെന്ന് എനിക്ക് വലിയ ആഗ്രഹമായിരുന്നു. എന്നാൽ ഇന്നത്തേതുപോലെ അത്ര എളുപ്പമായിരുന്നില്ല 15 വർഷങ്ങൾക്ക് മുമ്പുള്ള സംവിധാനങ്ങൾ. കേരളത്തിൽ റെക്കോഡിംഗ് സ്റ്റുഡിയോ വളരെ വിരളമായിരുന്നു. ചെലവ് വളരെ കൂടുതലും. പലരോടും ഇക്കാര്യം സൂചിപ്പിച്ചിരു

Scanned with CamScanner

ന്നെങ്കിലും അക്കാലത്തെ സാമ്പത്തിക സ്ഥിതി ഒരു തടസമായി. എങ്കിലും ഈ ഉദ്യമത്തിൽ നിന്നും പിറകോട്ടുപോകാൻ എനിക്കായില്ല. പിതാവിനോട് മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് ആ പദ്ധതിയുമായി മുമ്പോട്ട് പോയി. വീട്ടിലെ ഒരു അത്യാവശ്യത്തിന് ബാങ്കിൽ നിന്നും വായ്പയെടുത്ത കുറച്ച് പണം എന്റെ കൈവശം ഉണ്ടായിരുന്നു. പിന്നീട് ഒന്നും ആലോചിച്ചില്ല. ആ പണം ഉപയോഗിച്ച് പദയാത്രാമഞ്ജരി റെക്കോഡ് ചെയ്ത് കാസറ്റ് ആക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

14 പാട്ടുകൾക്കുള്ള ഓർക്കസ്ട്രേഷൻ ഒരുക്കി. ഓർക്കസ്ട്രാ ടീമിനെതയാറാക്കി. ഗായകരെ നിശ്ചയിച്ചു. സ്റ്റുഡിയോ ബുക്ക് ചെയ്തു. അങ്ങനെ2003 ജൂലൈ മാസം അദ്യ ആഴ്ച കരുനാഗപ്പള്ളി ശ്രീരാഗ് സ്റ്റുഡിയോയിൽ റെക്കോഡിങ് പൂർത്തിയാക്കി. 'പുണ്യയാത്ര' എന്ന പേരിൽ ഓഡിയോകാസറ്റ് പുറത്തിറങ്ങി. കൂടാതെ പൈലറ്റ് വാഹനഅനൗൺസ്മെന്റും. ഒരു പകലും രാത്രി വെളുക്കുവോളവും എന്നോടൊപ്പം നിന്ന് ഗാനങ്ങൾ ആലപിച്ച് തന്ന ബിജു കുമ്പനാട്, ജെസ്സി മാത്യു, സിജി ജോജി, ഓർക്കസ്ട്രാ ടീം എന്നിവരെ പ്രാർത്ഥനയോടെ ഓർക്കുന്നു. വളരെക്കാലം മനസിൽ സൂക്ഷിച്ച ഒരാഗ്രഹം വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥതയിൽ സഫലമായി. അന്നത്തെ രൂപതാസമിതി അംഗങ്ങളുടെ പൂർണ്ണ പിന്തുണയും ഉണ്ടായിരുന്നു. കാസറ്റുകൾ നമ്മുടെ ഭവനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.

വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം സഹനങ്ങളെ അതിജീവിച്ച് മുന്നേറാൻ സഹായകമാണ്. വിവിധ ടെലിവിഷൻ ചാനൽ പരിപാടികൾക്ക് ശബ്ദം നൽകുമ്പോൾ പിതാവിന്റെ മാദ്ധ്യസ്ഥം എനിക്ക് താങ്ങും ശക്തിയും സന്തോഷവും അഭിമാനവുമാണ്. കൂടുതൽ തീക്ഷണതയോടെ വന്ദ്യപിതാവിന്റെ കബറിങ്കലേക്ക് നടന്നു നീങ്ങാം.



കവിത

# മലയിറക്കം

കാടിറങ്ങും കരിവീരനെപ്പോൽ
കക്കാട്ടാറു നീന്തുന്നു ചങ്ങാടത്തിലാരോ?

നീട്ടു താടിയും മുടിമറയ്ക്കും ശിരോവസ്ത്രവും
കാവി ചുറ്റിയ കവിണിയും, കാഴ്ചയിൽ
വാത്മീകിയോ കാളിദാസനോ മുന്നിൽ,
മാമുനിയൊരാൾ തീർത്ഥാടനത്തിലോ?

ഗജകേസരി കണക്കേ തലയെടുപ്പിലും
യുവരാജന്റെ ഗംഭീര മുഖഭാവത്തിലും
ബാലസൂര്യപ്രസാദ പൂർണിമയിൽ
അതുല്യപ്രഭാധനൻ, മലയിറങ്ങിയെന്തേ?

ഒരുനാൾ,
പെരുനാട് മുണ്ടൻ മലകയറിയൊരാൾ
പർണശാല കെട്ടി തപോധനനായ്,
കാഷായധാരിയായ് സന്യസ്തനായ്
പുണ്യദർശനമേറ്റവൻ, ബഥാന്യൻ
ക്രിസ്താനുകരണവ്രതിയായ്,
ആബോ ഗീവർഗീസച്ചൻ,
ബഥനിമെത്രാൻ, മാർ ഇവാനിയോസ്,
മലയിറങ്ങിയെന്തേ?

സഹ്യസാനുവിൽ നിന്നിറങ്ങിയോൻ
താഴ്വാരമെത്തിയും സമതലം താണ്ടിയും
കടലോളം താഴ്ചയിൽ തങ്കശ്ശേരിയിൽ
സാഷ്ടാംഗം പ്രണമിക്കാൻ, ചാപ്പലിൽ
നടയടിക്കാൻ, വിധേയനായതെന്തേ?

മൂന്നുനൂറ്റാണ്ടപ്പുറം മട്ടാഞ്ചേരിയ്ക്കുപോകാം,
മാപ്പുസാക്ഷിയാം കൂനൻ കുരിശു കാണാം,
കുരിശിൽ കെട്ടിയ കയറിന്റെ ഭാരം
താങ്ങാതെ കൂനിയ കുരിശിന്റെ ശാപം,
ഏറ്റുവാങ്ങി കൂട്ടം പിരിഞ്ഞവർ,
പുത്തൻകൂറ്റുകാർ,

ഇ.എം.ജി. ചന്ദനപ്പള്ളി

Scanned with CamScanner



# എന്റെ തീർത്ഥാടനപദയാത്ര

സി. വിനയ എസ്.ഐ.സി.
പത്തനംതിട്ട

ജൂലൈ 10 മുതൽ പെരുനാട്ടിൽ നിന്നും പട്ടം വരെ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുന്ന തീർത്ഥാടനപദയാത്രയിൽ 2004 മുതൽ 2017 വരെ 14 വർഷം തുടർച്ചയായി പങ്കെടുക്കാൻ സാധിച്ചു.

ഓരോ വ്യക്തിയും എത്രത്തോളം ഒരുക്കത്തോടെ പദയാത്രയിൽ പങ്കെടുക്കുന്നുവോ അത്രമാത്രം അനുഗ്രഹം പദയാത്രയിലൂടെ ലഭിക്കും. മഴയും വെയിലും ശാരീരികമായ വേദനകളും നമ്മെ അലട്ടും അപ്പോൾ ഈശോയിലും മാർ ഈവാനിയോസ് പിതാവിലും ആശ്രയിച്ചാൽ സന്തോഷത്തോടുകൂടി ലക്ഷ്യത്തിൽ എത്തിച്ചേരാം എന്നതാണ് എന്റെ അനുഭവം. കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ത്യാഗത്തോടെ പങ്കെടുക്കുന്നത് കാണുമ്പോൾ നമ്മൾക്കും തീക്ഷണതയോടെ പങ്കെടുക്കാൻ സാധിക്കും. അഭിവന്ദ്യ കാതോലിക്കാബാവാ തിരുമസ് പദയാത്രയിൽ പങ്കെടുക്കാൻ തുടങ്ങിയതോടെ പദയാത്ര കൂടുതൽ ഭക്തിനിർഭരമായി.

1982 പെരുനാട്ടിൽ നിന്നുള്ള പദയാത്രികരോടൊപ്പം നാലാഞ്ചിറ മുതൽ പട്ടം വരെ പങ്കെടുക്കാൻ സാധിച്ചു. അപ്പോൾ ചിലരുടെ അനുഭവ സാക്ഷ്യങ്ങൾ കേൾക്കുവാനിടയായി. അതിലൂടെ പിതാവിനോടുള്ള ഭക്തിയും സ്നേഹവും ആഴപ്പെടുവാൻ തുടങ്ങി. മാർ ഈവാനിയോസ് പിതാവിലൂടെ എനിക്ക് ലഭ്യമായ അനുഗ്രഹങ്ങളിൽ ചിലത് ഇവിടെ രേഖപ്പെടുത്തുന്നു.

എന്റെ വലത് കൈയുടെ കുഴയിൽ ഒരു മുഴയുണ്ടായി. 28.11.1980 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ ചെയ്തു. വീണ്ടും ആസ്ഥാനത്ത് മുഴ ഉണ്ടാവുകയും വേദനകൂടുകയും ചെയ്തു. 09.04.1980 ൽ രണ്ടാമതും ഓപ്പറേഷൻ ചെയ്തു. 1983 ജൂണിൽ ഓപ്പറേഷൻ ചെയ്ത ഭാഗത്തുതന്നെ വീണ്ടും മുഴവന്നു. അത് വളരെ വേഗം വലുതായി. വളരെ വേദനയോടെ വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു. ജൂലൈ 10 ആയപ്പോഴേക്കും കയ്യിലെ മുഴ പൂർണ്ണമായും മാറി. എന്റെ ജീവിതത്തിൽ മാർ ഈവാനിയോസ് പിതാവ് ഇടപട്ട ആദ്യസംഭവമാണിത്.

എന്റെ അമ്മയുടെ സഹോദരന് 62-ാമത്തെ വയസിൽ Guillain Barre Syndrome എന്ന മാരകരോഗം പിടിപെട്ടു. 27.04.2006 ൽ തിരുവല്ല മെഡിക്കൽ കോളേജിലെ ഐ.സി.യു.വിൽ അഡ്മിറ്റാക്കി. ശരീരം മുഴുവൻ തളർന്നുപോയി. ഇനിയും രക്ഷയില്ല പ്രാർത്ഥിച്ചുകൊള്ളാൻ ഡോക്ടർമാർ അറിയിച്ചു. അച്ചാച്ചന്റെ കിടക്കയ്ക്ക് അരികിൽ നിന്നുകൊണ്ട് ഞങ്ങൾ ഒരുമിച്ച് മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചു. പൂർണസൗഖ്യവാനായി 56-ാം ദിവസം വീട്ടിൽ തിരിച്ചെത്തി. ഇന്നുവരെയും ജീവിക്കുവാനുള്ള അവസരവും ദൈവം നൽകി. 2017ൽ പദയാത്ര പിരപ്പൻകോട് എത്തിയപ്പോൾ അച്ചാച്ചൻ തലകറങ്ങി വീണ് പുഷ്പഗിരിയിൽ അഡ്മിറ്റാണെന്ന് അറിഞ്ഞു. അപ്പോൾ പഴയ ഓർമ്മകൾ എന്റെ മനസിലേക്ക് വന്നു. പിതാവിന്റെ മദ്ധ്യസ്ഥതയിൽ ഞാനും എന്നോടൊപ്പമുള്ളവരും പ്രാർത്ഥിച്ചു. പദയാത്ര കബറിങ്കൽ എത്തി പ്രാർത്ഥനയ്ക്ക് ശേഷം അന്വേഷിച്ചപ്പോൾ വളരെ സൗഖ്യം ലഭിച്ചതായി അറിഞ്ഞു. ഇപ്പോൾ സന്തോഷത്തോടെ ജീവിക്കുന്നു.

ഇങ്ങനെഎണ്ണിയാൽ ഒടുങ്ങാത്ത അനേകം അത്ഭുതങ്ങൾ എന്റെ ജീവിതത്തിൽ അനുഗ്രമായി നൽകിയ വന്ദ്യതാതന് ആയിരമായിരം നന്ദി.

Scanned with CamScanner



# ആഗ്രഹങ്ങളെ
## അനുഗ്രഹങ്ങളാക്കുന്ന പിതാവ്

ഡോ. ജോൺ റ്റി. എബ്രഹാം,
തേവരേത്ത്

മലങ്കരയുടെ മഹാനായ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് എന്നും വിശുദ്ധിയുടെ വിളനിലമായിരുന്നു. പിതാവിലൂടെ സംജാതമായ ദൈവിക സമാധാനത്തിന്റെ അലയൊലികളാണ് ഇന്നും മലങ്കര സഭയിൽ നിലനിൽക്കുന്നത്. ഇതിനെല്ലാം കാരണമായിരിക്കുന്നത് തീർത്ഥാടനപദയാത്രയിലൂടെ ലഭ്യമായിരിക്കുന്ന അനുഗ്രഹങ്ങളാണ്. വന്ദ്യപിതാവിന്റെ കബറിടം ലക്ഷ്യമാക്കി ഓരോ വർഷവും അനേകായിരങ്ങൾ പദയാത്രയിൽ പങ്കുചേരുന്നതിന്റെ കാരണവും മറ്റൊന്നല്ല.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാല അൽമായരിൽ പ്രമുഖനായിരുന്ന എന്റെ തലതൊട്ടപ്പൻ കുറിച്ചിമുട്ടം തേവരേത്ത് ജോൺസാറും മൈലപ്ര ഹൈസ്കൂൾ അധ്യാപകനായ എന്റെ പിതാവ് റ്റി.ജെ. എബ്രഹാം സാറും മാർ ഈവാനിയോസ് പിതാവിലേക്കും പദയാത്രയിലേക്കും എന്നെ പലവിധത്തിൽ ആകർഷിച്ചു. എംസിവൈഎം പ്രവർത്തനങ്ങൾ ആരംഭിച്ചകാത്തുതന്നെ വൃശുദ്ധിയോടെ തീർത്ഥാടനപദയാത്രയിൽ പതിവായി പങ്കെടുക്കാൻ കൃപലഭിച്ചിരുന്നു.

സഭയോട് ചേർന്ന് നിൽക്കുന്നതിന് ശക്തി നൽകിയ് ജൂലൈ 1 മുതൽ 1 വരെ നോമ്പുനോറ്റ് ത്യാഗത്തോടെ പങ്കെടുത്തതിന്റെ അനുഗ്രമായിരുന്നുവെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. വർഷങ്ങളായി പദയാത്രയിൽ മുടങ്ങാതെ പങ്കെടുത്തിരുന്നവർ പുതിയ തലമുറയ്ക്ക് പകർന്നുകൊടുത്ത വീര്യം ആത്മീയതയുടെ ആവേശമായിരുന്നു. പദയാത്രയിൽ പങ്കെടുത്ത പലരുടെയും ആഗ്രഹങ്ങളെ പുണ്യപിതാവ് അനുഗ്രഹങ്ങളാക്കിയതിന്റെ അനേകം സാക്ഷ്യങ്ങൾ കേൾക്കാനും ഇടയായി. ആദ്യകാലങ്ങളിൽ പദയാത്രികർക്ക് മാസാംഹാരം നൽകുമായിരുന്നു. പിന്നീട് വൃതശുദ്ധി കാത്തുസൂക്ഷിക്കുന്നതിനായി അത് ഒഴിവാക്കിയതും ഓർക്കുന്നു.

പിതാവിന്റെ കബറിങ്കൽ പോയിരുന്ന് പ്രാർത്ഥിച്ചതും എഴുതിയിട്ടുള്ളതുമായ ഒരുകാര്യവും നടക്കാതെ പോയതായി ഓർമ്മയിലില്ല. പദയാത്രികരുടെ ആഗ്രഹങ്ങളിൽ അത്ഭുതകരമായി ഇടപെടുന്ന പുണ്യപിതാവാണ് നമുക്കുള്ളത്. വിദ്യാഭ്യാസാനന്തരം വിദേശത്ത് ജോലിചെയ്യണമെന്ന് മനസിലെ ആഗ്രഹം 2006 ജൂലൈ 15 ന് കബറിങ്കൽ എഴുതിയിട്ട് പ്രാർത്ഥിച്ചു. കുറച്ച് ദിവസത്തിന് ശേഷം മദ്രാസിൽ നടന്ന ഇന്റർവ്യൂവിൽ തെരഞ്ഞെടുക്കപ്പെടുകയും സെപ്തംബർ 11 ന് ലിബിയായിലെ മിനുറാത്ത യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ജോലി ലബിക്കുകയും ചെയ്തു. ലിബിയയിൽ എത്തിയതിന്റെ 18-ാം ദിവസം റോഡ് മുറിച്ച് കടക്കുമ്പോൾ ഏകദേശം 140 കി.മി. വേഗതയിൽ വന്ന ഒരു കാർ എന്നെ ഇടിച്ചു തെറിപ്പിച്ചു. ഇടിയുടെ ശക്തിയിൽ ഉയർന്നുപൊങ്ങിയ ഞാൻ കാറിന്റെ വശത്തേക്ക് തെറിച്ചു വീണു. മുമ്പോട്ടാണ് വീണിരുന്നതെങ്കിൽ തൽക്ഷണം മരിക്കുമായിരുന്നു. എന്നാൽ, കാറിനും കരിങ്കൽ പാളികൾക്കുമിടയിൽ ഒരാൾക്ക് കിടക്കാനുള്ള സ്ഥലം ദൈവം ഒരുക്കിയിരുന്നു. ഇത്രവലിയ അപകടം ഉണ്ടായിട്ടും ജീവൻ തിരികെ കിട്ടിയത് എല്ലാവർക്കും അതിശയമായിരുന്നു. ആരോരുമില്ലാത്ത അപരിചതമായ ദേശത്ത് രക്തം വാർന്നുപോകാതെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാനും രണ്ട് മാസം കിടക്കയിൽ ആയിരുന്ന എന്നെ സഹായിക്കാനും ഓപ്പറേൻ വിധേയനായപ്പോൾ സഹായിക്കാനുമെല്ലാം മുമ്പ് ഒരിക്കലും അറിയാത്ത അനേകരെ ദൈവം മാലഖമാരെപ്പോലെ നിയമിച്ചിരുന്നു. എല്ലാ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രമാണെന്ന് ഇപ്പോഴും ഉറച്ച് വിശ്വസിക്കുന്നു.

Scanned with CamScanner



# My Five Days Walk with Mar Ivanios Pithav

Anju Mathew, Mumbai

My experience or my five days walk for the first time in Padayatra gave me a lot of change in my life. I was very much excited for Padayatra whereas everyone said it will be painful, your legs will pain , you will not be able to walk properly. When everyone said this, I had also got the fear in my mind also and I myself asked a question to me will be able to walk or not. I decided that let anything happen I will walk for my Pithave.

First day of padayatra started with the holy mass I prayed in the mass , only one thing Mar Ivanios Pithave I am coming to you please give me enough strength and courage to walk towards your tomb. I prayed very well in the mass. The padayatra started and I was walking and walking , I didn't feel anything as I was saying rosary and going as everyone was going. Suddenly before reaching Pathanamthitta Cathedral I started loosing my energy and my confidence of walking towards the church. I also told one of the aunty who was walking with me that aunty my legs are shivering I am not able to move my legs one step ahead. I don't know what power she had she said Mole you hold my hand and walk and pray very strongly to our Pithave , he will listen to our prayers and I did the same thing what aunty said..

I don't know suddenly I got the strength of walking properly with less pain in my legs and as I reached church my eyes was full of tears as I felt the blessings of our Pithave directly.

My walk for five days reached its final place that is our Mar Ivanios Pithave tomb at Trivandrum,which was a dream for me which I was seeing for past many years.. I was thankful to our Mar Ivanios Pithave to help me and give me the strength to walk for five days.

Whoever reading this experience, please make it a point that atleast once in your life walk for five days and you will surely see changes in your life and you will be more prayerful . Because I was a girl who use to fear to conduct a night vigil in our parish but after the walk I conducted night vigil and all this has happened through this Five Days Walk....

Scanned with CamScanner



**തങ്കച്ചൻ ആനമുടിയത്ത്, ചന്ദനപ്പള്ളി**

18 വർഷമായി ഞാൻ തീർത്ഥാടനപദയാത്രയിൽ സംബന്ധിക്കുന്നു. ആദ്യവർഷങ്ങളിൽ ചന്ദനപ്പള്ളിൽ നിന്നും അടൂർ വരെ മാത്രമെ പോയിരുന്നുള്ളു. എന്റെയൊപ്പം ചന്ദനപ്പള്ളിയിൽ നിന്നും മുതിർന്ന അഞ്ചോളം പേർ ആദ്യാവസാനം പങ്കുകൊണ്ടിരുന്നു. യുവജനങ്ങൾ ഏറയും ചന്ദനപ്പള്ളിയിൽ നിന്നും സംബന്ധിക്കുന്നുണ്ട്. ആദ്യവർഷങ്ങളിൽ പള്ളികളിൽ വിശ്രമിക്കാനും പ്രഭാതകൃത്യങ്ങൾ ചെയ്യാനും മറ്റും സൗകര്യങ്ങൾ കുറവായിരുന്നു. എന്നാൽ ഉപവാസത്തോടെ ഞാനിതിനെയൊക്കെ സന്തോഷമാക്കി മാറ്റിയിട്ടുണ്ട്.

ഒരിക്കൽ പിരപ്പൻകോട്ടുവച്ച് മദ്ധ്യസ്ഥ പ്രാർത്ഥനനടത്തണമെന്ന് വാവോലിമേപ്പുറത്ത് അച്ചനോട് ഞാൻ പറഞ്ഞു. അച്ചൻ പറഞ്ഞു, അച്ചായൻ ആരംഭിച്ചുകൊള്ളാൻ. അങ്ങനെഞാൻ ആരംഭമിട്ട പ്രാർത്ഥനയാണ് ഇപ്പോഴും തുടർന്നുകൊണ്ടുപോരുന്നത്.

ഞാൻ താമസിച്ചിരുന്ന വസ്തുവിന് പ്രമാണം ലഭിച്ച് പേരിൽ കൂട്ടുന്നതിന് ഏറെക്കാലം ബുദ്ധിമുട്ടായിരുന്നു. അതിർത്തി തർക്കവുമായി ട്രൈബ്യൂണലിൽ കേസും ഉണ്ടായിരുന്നു. ഞാൻ ഈ നിയോഗത്താൽ 2014 ൽ പദയാത്രയിൽ സംബന്ധിച്ച് തിരിക വന്നതിന്റെ പിറ്റെആഴ്ച്ചയിൽ തടസ്സങ്ങളെല്ലാം നീക്കി പ്രമാണം ലഭിക്കാനുള്ള നടപടികൾ, നേരുത്തെ തടസം നിന്നിരുന്ന ഉദ്യോഗസ്ഥർ തന്നെ ക്രമപ്പെടുത്തിത്തന്നു. ഇക്കാര്യത്തിന് സഹായിക്കാനായി ഒരു കത്തോലിക്കാ വിശ്വാസിയെ തന്നെ ദൈവദൂതനെപ്പോലെ ലഭിക്കുകയുണ്ടായി.

രണ്ട് വർഷം മുമ്പ് എന്റെ മകന് ബൈക്ക് അപകടത്തിൽ ഒരു കാലിന് ഒടിവും തളർച്ചയും ഉണ്ടായി. അവനും പദയാത്രയിൽ സംബന്ധിക്കുന്നവനായിരുന്നു. പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ കബറിങ്കൽ പ്രാർത്ഥിച്ച് കാലിന് സൗഖ്യം ലഭിച്ചു. 2017 ൽ പദയാത്ര കാരേറ്റ് എത്തിയപ്പോൾ കർദിനാൾ തിരുമേനി ഞങ്ങളുടെ രണ്ടുപേരുടെയും തലയിൽ കൈകൾ വച്ച് പ്രാർത്ഥിച്ചു. അതിന്റെ മുൻ വർഷം പട്ടത്ത് വച്ച് കർദ്ദിനാൾ തിരുമേനി എന്നെ അരുകിൽ വിളിച്ചുനിർത്തി ഫോട്ടോ എടുപ്പിച്ചതും വലിയ അനുഗ്രമായി കാണുന്നു.



**പി.കെ. രാജൻ, പെരുമല ചന്ദനപ്പള്ളി**

22 വർഷമായി ഞാൻ മുടങ്ങാതെ പദയാത്രയിൽ പങ്കെടുക്കുന്നു. ആദ്യവർഷങ്ങളിൽ ചന്ദനപ്പള്ളിയിൽ നിന്നും അടൂർവരെ പദയാത്രയിൽ പങ്കെടുത്തിരുന്നു. ഞങ്ങളുടെ ഇടവകയിൽ നിന്നും മുതിർന്നവരും യുവജനങ്ങളും ഉൾപ്പെടെ അനേകം ആളുകൾ റാന്നി പെരുനാട്ടിൽ നിന്നും പദയാത്രയിൽ ആദ്യാവസാനം പങ്കെടുക്കുന്നു.

ജീവിതത്തിൽ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന എനിക്ക് എല്ലാ മേഖലകളിലും ദൈവം അനവധി അനുഗ്രഹം നൽകിയിട്ടുണ്ട്. ഇവയെല്ലാം തീർത്ഥാടനപദയാത്രയിൽ സംബന്ധിക്കുന്നതുവഴി മാർ ഈവാനിയോസ് പിതാവിലൂടെ ലഭ്യമാകുന്നവയാണെന്ന് ഉറച്ചു വിശ്വസിക്കുന്നു. മൂത്തമകൾക്ക് നേഴ്സിങ്ങിന് അഡ്മിഷൻ ലഭിക്കണമെന്നതായിരുന്നു ആദ്യ നിയോഗം. ആദ്യത്തെ പദയാത്ര കഴിഞ്ഞ് തരിച്ചുവന്ന് അടുത്ത മാസം ആ ആഗ്രഹം പിതാവ് സാധിച്ചു നൽകി. രണ്ട് വർഷത്തിന് ശേഷം ആ മകൾക്ക് തന്നെ രോഗത്തിന്റെ ലക്ഷണം കണ്ട് ടെസ്റ്റുകൾ നടത്തിയിരുന്നു. ആ വർഷം പദയാത്രയിൽ പങ്കെടുത്ത് തിരികെ വന്ന് നടത്തിയ പരിശോധനയിൽ മകളുടെ രോഗലക്ഷണങ്ങൾ പിതാവിന്റെ അനുഗ്രഹത്താൽ പൂർണമായും മാറി. അടുത്ത വർഷം പദയാത്രികർക്ക് ചന്ദനപ്പള്ളിയിൽ ഉച്ചഭക്ഷണം നേർച്ചയായി നൽകി. തുടർന്നുള്ള വർഷങ്ങളിലും ഓരോരുത്തർ ഈ ഭക്ഷണം നേർച്ചയായി നൽകിവരുന്നു.

എന്റെ മൂന്ന് മക്കളുടെയും പഠനം, ജോലി, വിവാഹം, എന്റെ ബിസിനസ് തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഞാൻ പുണ്യപിതാവിന്റെ മാധ്യസ്ഥ്യം യാചിച്ചിരുന്നു. എല്ലാം പിതാവിന്റെ അനുഗ്രഹത്താൽ സാധിക്കുകയും ചെയ്തു. ആരോഗ്യമുള്ളത്രയുംകാലം പദയാത്രയിൽ പങ്കെടുക്കണമെന്ന് ആഗ്രഹിക്കുന്നു. പുണ്യപിതാവിന്റെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

Scanned with CamScanner

## അനുഭവസാക്ഷ്യം

**അന്നമ്മ കിഴക്കേക്കര, പുത്തൻപീടിക**

ഞാൻ കഴിഞ്ഞ നാല് വർഷമായി പർക്കിൻസൺസ് രോഗത്താൽ ബുദ്ധിമുട്ടുകയായിരുന്നു. ആദ്യം ശരീരത്തിന് ക്ഷീണവും പിന്നീട് കൈകാലുകൾക്ക് ബലം കുറയുകയും ശരീരം വിറയ്ക്കുകയും ചെയ്യുന്ന അവസ്ഥ ആയിരുന്നു. പല ആശുപത്രികളിലായി 2 വർഷം ചികിത്സിച്ചു യാതൊരു ഫലവും ഉണ്ടായില്ല.

ഞാൻ എന്നും ദിവ്യബലിയിൽ പങ്കെടുക്കുമായിരുന്നു. എന്നാൽ രോഗത്തെ തുടർന്ന് എനിക്കതിന് സാധിക്കാതെ വന്നു. രോഗം ശരീരത്തെ മാത്രമല്ല മനസിനെയും ആത്മീയ ജീവിതത്തേയും തളർത്തിക്കളഞ്ഞു. ഈ വർഷങ്ങളിൽ വീടിന്റെ മുമ്പിലൂടെ പ്രധാനപദയാത്ര കടന്നു പോകുമ്പോൾ വാതിൽ വഴി പ്രാർത്ഥനയോടെ നോക്കുമായിരുന്നു. എഴുനേറ്റ് നടക്കാനോ പള്ളി വരെ പോകാനോ എനിക്ക് സാധിച്ചില്ല. വലിയ വിഷമത്തോടെ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചു. 2017 ജൂലൈ 11 ന് തീർത്ഥാടനപദയാത്ര വന്നപ്പോൾ എന്റെ മകൻ വർഗീസ് കിഴക്കേക്കര അച്ചൻ (രജു അച്ചൻ) വീട്ടിൽ വന്നിരുന്നു. എന്നാൽ ഒരു ഗ്ലാസ് വെള്ളം പോലും അച്ചന് എടുത്ത് നൽകാൻ എനിക്ക് സാധിച്ചില്ല. വളരെ വിഷമത്തോടെ പിതാവിനോട് ഞാൻ പ്രാർത്ഥിച്ചു. ജൂലൈ 15 ന് ശേഷം എന്നിൽ വലിയ ശാരീരിക മാറ്റങ്ങൾ അനുഭവപ്പെടാൻ തുടങ്ങി. 2018 ലെ പദയാത്രയാകുമ്പോഴേക്കും എന്റെ അസുഖം പൂർണമായും മാറിയിരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ ലഭ്യമായ അനുഗ്രഹത്തിന് ഒരായിരം നന്ദി.



**സാമുവൽ പണയിൽ, ആയൂർ**

1980 മുതൽ തീർത്ഥാടനപദയാത്രയിൽ പങ്കെടുക്കുന്നു. ആദ്യകാലങ്ങളിൽ പദയാത്രികർ സ്വന്തം ചെലവിൽ ഭക്ഷണം, യാത്രാകൂലി എന്നിവ ക്രമീകരിക്കണമായിരുന്നു. കൈയ്യിൽ പണമില്ലാത്തതിനാൽ ആദ്യപദയാത്ര കുരിയോട് അവസാനിപ്പിക്കേണ്ടിയും വന്നിരുന്നു. വിവിധ ദൈവാലയങ്ങളിൽ പ്രാർത്ഥിക്കുക, വി. കുർബാനയോടെ ആരംഭിക്കുക, പ്രാർത്ഥനയിൽ ആയിരിക്കുക എന്നീ അനുഭവമായിരുന്നു എനിക്ക് പദയാത്രകൾ. ശൂന്യമായ പോക്കറ്റുമായി പങ്കെടുത്ത എല്ലാ പദയാത്രകളും എനിക്ക് അനുഗ്രഹങ്ങൾക്ക് കാരണമായിരുന്നു.

എന്റെ മക്കളെ മാർ ഈവാനിയോസ് കോളേജിലും പുഷ്പഗിരിയിലും പഠിപ്പിക്കുന്നതിനും വിവാഹം കഴിപ്പിക്കുന്നതിനും, സ്വന്തമായി സ്ഥലംവാങ്ങി സന്തോഷത്തോടെ ജീവിക്കുന്നതിനും എന്റെ കൃഷിപ്പണികൾകൊണ്ട് സാധിച്ചു. ഇത്രയധികം സന്തോഷവും സമാധാനവും ജീവിതത്തിൽ ലഭിച്ചത് മാർ ഈവാനിയോസ് പിതാവിലൂടെയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

2017 ലെ പദയാത്രയിൽ കാലിൽ ബെൽറ്റ് ഇട്ടുകൊണ്ടാണ് പങ്കെടുത്തത് നാലാം ദിവസം പിരപ്പൻകോടുനിന്നും യാത്ര തുടങ്ങിയപ്പോൾ എന്റെ കാലിൽ കെട്ടിയ ബെൽറ്റ് പൊട്ടി. മസിൽപിടിച്ച് കാൽ ഉയർത്താൻപറ്റാത്ത അവസ്ഥയായി. കൂടെയുള്ള പദയാത്രികർ എന്നെ താങ്ങി. ആമ്പുലൻസിൽ കയറി യാത്രതുടരാൻ ആവശ്യപ്പെട്ടു. എന്നാൽ ബെൽറ്റ് മാറ്റി വച്ച് ആംബുലൻസിൽ കയറാതെ യാത്ര തുടരാൻ തീരുമാനിച്ചു. കബറിങ്കൽ എത്തിച്ചേർന്നു. പിന്നീട് ഇതുവരെ ഞാൻ ബെൽറ്റ് ഉപയോഗിച്ചിട്ടില്ല. പൂർണമായി ജോലി ചെയ്യുന്നതിനുള്ള കഴിവും ദൈവം എനിക്ക് നൽകി.

ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം മാർ ഈവാനിയോസ് പിതാവിന്റെ വലിയ അനുഗ്രഹം എന്നോടൊപ്പം ഉണ്ടായിരുന്നു. പിതാവ് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും ആയിരമായിരം നന്ദി.

Scanned with CamScanner

**സോഫി ജെയിംസ്**
**വയലത്തല, പത്തനംതിട്ട**



എന്റെ മകൾ വിവാഹശേഷം കുവൈറ്റിൽ ജോലിചെയ്യുകയായിരുന്നു. കുവൈറ്റ് സിറ്റി ക്ലിനിക്കിൽ മെഡിക്കൽ ചെക്കപ്പ് നടത്തിയപ്പോൾ മകളുടെ രണ്ട് ovary യിലും cyst ആണെന്നും തൈറോയിഡ് രോഗം ഉള്ളതിനാൽ കുഞ്ഞുങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത കുറവാണെന്നും ഡോക്ടർ അറിയിച്ചു. 2011 ജൂലൈയിൽ പദയാത്രയ്ക്ക് പങ്കെടുക്കുന്നതിന് മുമ്പാണ് മകൾ വിവരം അറിയിച്ചത്. വന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥതയിൽ വിശ്വസിച്ചുകൊണ്ട് ഞാൻ പറഞ്ഞു. 2012 ജൂലൈ 15 ന് മുമ്പ് നിനക്ക് ഒരു കുഞ്ഞിനെലഭിക്കും. വിശ്വസിച്ച് പിതാവിന്റെ മാദ്ധ്യസ്ഥലം യാചിക്കണം. ജൂലൈ 11 ന് മകൾക്ക് ഒരു പെൺകുഞ്ഞിനെനൽകി ദൈവം അനുഗ്രഹിച്ചു. വന്ദ്യ പിതാവെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

**മനു ചരുവിളപുത്തൻവീട്, കൊല്ലം**



വളരെ നാളുകളായി നടുവിന് വേദനമൂലം ഏറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. പല മരുന്നുകൾ കഴിച്ചിട്ടും വേദനയ്ക്ക് കുറവുണ്ടായില്ല. ആയുർവേദത്തിലും ചികിത്സിച്ചു. യാതൊരു മാറ്റവും ഉണ്ടായില്ല. അസഹ്യമായ വേദനകാരണം പിതാവിന്റെ പദയാത്രയിൽ പങ്കെടുക്കാൻ സാധിക്കുമെന്ന് കരുതിയില്ല. എത്ര വേദനസഹിച്ചും റാന്നി പെരുനാട്ടിൽ നിന്നും തിരുവനന്തപുരം വരെ പദയാത്രയിൽ പങ്കെടുക്കാൻ തീരുമാനിച്ചു. വന്ദ്യ പിതാവിന്റെ അനുഗ്രഹം എനിക്കും ലഭ്യമായി പദയാത്രയ്ക്ക് ശേഷം എനിക്ക് നടുവിന് വേദനഉണ്ടായിട്ടില്ല.

**ജോബിൻ ജോസഫ്**
**കോന്നിതാഴം, പത്തനംതിട്ട**



വർഷങ്ങളായി എന്റെ വലത്തെ കയ്യിൽ ഒരു മുഴ ഉണ്ടായിരുന്നു. പരിശോധനയിൽ ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ അറിയിച്ചു. മുഴ ഓപ്പറേഷൻ ചെയ്താലും വീണ്ടും വരാൻ സാധ്യതയുണ്ടെന്ന് ഡോക്ടർമാർ അറിയിച്ചു. 2016 ലെ തീർത്ഥാടനപദയാത്രയിൽ ഈ നിയോഗവുമായി പങ്കെടുത്തു. പിതാവിന്റെ വലിയ അനുഗ്രഹത്താൽ യാതൊരു ഓപ്പറേഷനും കൂടാതെ കൈയ്യിലെ മുഴമാറി. ദൈവത്തിന് സ്തുതി.

Scanned with CamScanner




## നിങ്ങളുടെ പദയാത്രാ അനുഭവങ്ങളും സാക്ഷ്യങ്ങളും രേഖപ്പെടുത്താം...


തീർത്ഥാടനപദയാത്രയിൽ സംബന്ധിച്ച് മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥശക്തിയാൽ അനുഗ്രഹം ലഭിച്ച വ്യക്തിയാണോ നിങ്ങൾ ? അനുഗ്രഹ ങ്ങൾ, സാക്ഷ്യപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ? എങ്കിൽ സാക്ഷ്യങ്ങൾ എഴുതി തയാറാക്കി ഫോട്ടോയും വിലാസവും സഹിതം 2019 മെയ് 31 മുമ്പായി ഭദ്രാസന ഓഫീസിലേക്ക് അയച്ചുതരിക.

**വിലാസം**
**ഡയറക്ടർ**
**എംസിവൈഎം ഭദ്രാസനസമിതി കാര്യാലയം**
**ഉപാസനപാസ്റ്ററൽ സെന്റർ**
**ഓമല്ലൂർ പി.ഒ., പത്തനംതിട്ട 689 647**
email: mcymptadiocese@gmail.com
www.mcymptadiocese.com, www.facebook.com/McymPathanamthitta

Scanned with CamScanner


# പത്തനംതിട്ട ഭദ്രാസന സമിതി 2018, 2019

## മുഖ്യ രക്ഷാധികാരി



അഭി. യൂഹാനോൻ മാർ
ക്രിസോസ്റ്റം മെത്രാപ്പോലീത്ത

## സഹ രക്ഷാധികാരികൾ



മോൺ.
ജോൺ തുണ്ടിയത്ത്



മോൺ.
ജോസഫ് കുരുമ്പിലേത്ത്

## ഡയറക്ടർ



ഫാ. തോമസ്
ചിറയത്ത്

## ആനിമേറ്റർ




സിസ്റ്റർ
കൃപ എസ്. ഐ. സി



പ്രസിഡന്റ്
ജോബിൻ ഈനോസ്
വകയാർ



ജനറൽ സെക്രട്ടറി
ജിഫിൻ സാം
മൈലപ്ര



ട്രഷറാർ
അജോയി പി. തോമസ്
വയലത്തല



വൈസ് പ്രസിഡന്റ്
ആൻ മരിയറ്റ് സ്ലീബ
ഓമല്ലൂർ



വൈസ് പ്രസിഡന്റ്
ജെയിംസ് ജോസ്
പൊന്നമ്പ്



സെക്രട്ടറി
ലിവിയ എം. സെബാസ്റ്റ്യൻ
തട്ട



സെക്രട്ടറി
അജു തോമസ്
കാരയ്ക്കാട്



സെക്രട്ടറി
ഷെഫി ജോർജ് ഫ്രാൻസിസ്
ഏറത്തുമ്പമൺ



സഭാതല സിൻഡിക്കേറ്റ്
ജിജോ കുഞ്ഞുമോൻ
ഊട്ടുപാറ



സഭാതല സിൻഡിക്കേറ്റ്
റിറ്റി എം. രാജൻ
വടശ്ശേരിക്കര



KCYM സിൻഡിക്കേറ്റ്
സിസിൽ രാജൻ
കൂടൽ



KCYM സിൻഡിക്കേറ്റ്
ഷിബി എം. ജോൺ
കൂടൽ



KCYM സെനറ്റ്
വിജോ തോമസ്
സീതത്തോട്



Ex. Off സിൻഡിക്കേറ്റ്
അജോ സി. ജോൺ
കത്തീഡ്രൽ

Scanned with CamScanner